## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5835 — 05.07.2013-ലെ മറുപടിക്ക്

## റോഡപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.കെ.ബാലൻ<br>,, എം. ചന്ദ്രൻ<br>,, പി.റ്റി.എ. റഹീം<br>,, ജെയിംസ് മാത്യു | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) റോഡ് നിർമ്മാണത്തിലെ അപാകതകളും കൊടുംവളവുകളും അപകടത്തിന് കാരണമാകുന്നുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) പുതിയ റോഡുകളുടെ നിർമ്മാണത്തിൽ വളവുകളും മറ്റ് അപാകതകളും പരമാവധി കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) ദേശീയപാതാ വിഭാഗത്തിൽ ദേശീയപാതാ നിർമ്മാണത്തിൽ വളവുകളും മറ്റ് അപാകതകളും പരമാവധി കുറയ്ക്കുന്നതിന് മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേയ്സ് നിഷ്കർഷിച്ചിട്ടുള്ള രീതികളും മാർഗ്ഗങ്ങളും സ്വീകരിക്കാറുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ പുതിയ റോഡുകളുടെ നിർമ്മാണത്തിൽ സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് കഴിയുന്നത്ര വളവുകളും മറ്റ് അപാകതകളും പരിഹരിച്ച് അപകടങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) നിർദ്ദിഷ്ട ദേശീയപാത വികസനത്തിൽ നിലവിലുള്ള വളവുകൾ ഒഴിവാക്കി വികസിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ; | (ഡി) ഉണ്ട്. നിലവിലുള്ള ദേശീയപാതാ വികസന പദ്ധതി IRC നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പ്രകാരം ഡിസൈൻ ചെയ്താണ് നടപ്പിലാക്കി വരുന്നത്. ഇപ്രകാരം ഡിസൈൻ ചെയ്യുമ്പോൾ നിലവിലുള്ള curve, gradient തുടങ്ങിയവ നിശ്ചിത വേഗതയിൽ വാഹനം ഓടിക്കുന്നതിന് സാധ്യമാകുന്ന നിലയിലേയ്ക്ക് പരിഷ്കരിച്ചു കൊണ്ടിരിക്കുന്നു. |

(ഇ) എം. സി. റോഡിലെ കൊടും വളവുകൾ അപകടക്കെണികളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഇ) കെ.എസ്.ടി.പി. ഒന്ന് പദ്ധതിയിൽപ്പെടുത്തി എം.സി. റോഡിലെ തൈക്കോട് മുതൽ ചെങ്ങന്നൂർ വരെ IRC മാനദണ്ഡമനുസരിച്ച് രൂപകൽപന നടത്തി റോഡ് വികസനം പൂർത്തിയാക്കിയിട്ടുണ്ട്. ഈ റോഡ് ഭാഗത്ത് പ്രധാനമായും ഉണ്ടായിരുന്ന കൊടുംവളവുകൾ ഇല്ലാതാക്കുകയോ നിവർത്തുകയോ ചെയ്താണ് പണി പൂർത്തിയാക്കിയത്. കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽപ്പെടുത്തി കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള 80 കി.മീ. വരുന്ന റോഡ് ഭാഗം ഒരു മോഡൽ സേഫ് കോറിഡോര് ആക്കി മാറ്റുന്നതാണ്. ഇതിനുള്ള പ്രാഥമിക പഠനം നാറ്റ്പാക് നടത്തി വരികയാണ്. റിപ്പോർട്ട് ലഭ്യമായാൽ ഉടൻ തന്നെ ഇത് നടപ്പിലാക്കുന്നതാണ്. ചെങ്ങന്നൂർ മുതൽ മൂവാറ്റുപുഴ വരെയുള്ള എം.സി. റോഡ് കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽപ്പെടുത്തി വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ